(സി) അകലകുന്നം പഞ്ചായത്തിൽ 3/2000-ൽ ഭാഗികമായും, 12/2000-ൽ പൂർണ്ണമായും പദ്ധതി കമ്മിഷൻ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഗ്യാപ് ഫില്ലിംഗ് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുവാനുള്ള നടപടി പുരോഗമിക്കുന്നു.

(ഇ) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

37 (203) അർബൻ വാട്ടർ സപ്ലൈ സ്കീം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെയും ചിക്കോട് വാട്ടർ സപ്ലൈ സ്കീമിന്റെയും പണി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി ഭാഗികമായി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. ഗ്രാവിറ്റി മെയിനിന്റെ ജോയിന്റുകൾ ബലപ്പെടുത്തുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

ചിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ പണി പ്രാരംഭ ഘട്ടത്തിലാണ്. കിണറിന്റെ ടെണ്ടർ ഒരിക്കൽ നിരസിച്ചശേഷം, വീണ്ടും ടെണ്ടർ ചെയ്തു. ട്രീറ്റ്മെന്റ് പ്ളാന്റ്, പമ്പ് എന്നിവയും ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) മഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല ചാർജ് ചെയ്യുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നുണ്ട്. ഗ്രാവിറ്റി മെയിനിന്റെ ജോയിന്റുകൾ ബലപ്പെടുത്തുന്നതിനനുസരിച്ച് ജലത്തിന്റെ ലഭ്യത കൂടിയിട്ടുണ്ട്. 2000 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചിക്കോട് പദ്ധതി 2001 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്നാണ് കരുതുന്നത്.

38 (204) കുടിവെള്ള ക്ഷാമം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ കഴുനാട്-കിഴക്കേകോണം, പമ്പനാട്-മൂഴി ഹരിജൻകോളനി എന്നീ സ്ഥലങ്ങളിലനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly